**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ പെട്രോൾ പമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ പൊതുജനങ്ങൾക്കു കൂടി ഉപകരിക്കുന്ന രീതിയിൽ പെട്രോൾ പമ്പുകൾ എത്രയെണ്ണം ആരംഭിച്ചുവെന്നും അത് എവിടെയൊക്കെയാണെന്നും അറിയിക്കാമോ; | (എ) | 2021 സെപ്റ്റംബർ മാസത്തിൽ നിലവിലുള്ള 8 (തിരുവനന്തപുരം സിറ്റി (കിഴക്കേകോട്ട), കിളിമാനൂർ, ചടയമംഗലം, മൂവാറ്റുപുഴ, ചേർത്തല, മൂന്നാർ, ചാലക്കുടി, കോഴിക്കോട്) കൺസ്യൂമർ പമ്പുകൾ പൊതുജനങ്ങൾക്കുകൂടി ഉപകരിയ്ക്കുന്ന രീതിയിൽ റീട്ടെയിൽ ഫ്യുവൽ ഔട്ട്ലെറ്റുകളാക്കി മാറ്റി പ്രവർത്തനം ആരംഭിച്ചു. |
| (ബി) | ഇനി എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന 66 കൺസ്യൂമർ പമ്പുകളും, പുതുതായി ആലുവ റീജിയണൽ വർക്ക്ഷോപ്പ് അടക്കം 67 സ്ഥലങ്ങളിലും (ഇതിനകം 8 ഇടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു), ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന 5 കൺസ്യൂമർ പമ്പുകളിൽ 4 ഇടത്തും, കെ.എസ്.ആർ.ടി.സി. ഉടമസ്ഥതയിലുള്ള പാപ്പനംകോട് (2), റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, പന്തളം, പുതുക്കാട്, തൃശ്ശൂരിലെ ശക്തൻ സ്റ്റാന്റ് എന്നിവിടങ്ങളിൽ ഭാരത് പെട്രോളിയത്തിന്റെ സഹകരണത്തോടെ 6 റീട്ടെയിൽ ഔട്ട്ലെറ്റുകളും അടക്കം 77 റീട്ടെയിൽ ഔട്ട്ലെറ്റുകളാണ് ലക്ഷ്യം വച്ചിട്ടുള്ളത്. കൂടുതൽ വരുമാനം ലഭിയ്ക്കുന്നവയ്ക്ക് മുൻഗണന നൽകി പരമാവധി സ്ഥലങ്ങളിൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ